ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന അനിഷ്ട സംഭവങ്ങൾ

71. [21] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പുതുതായി വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കേണ്ടവരുടെ ഹിയറിംഗിനും ഫോട്ടോ എടുപ്പിനും വേണ്ടി തിരുവനന്തപുരം ഫോർട്ട് സംസ്കൃതം സ്കൂളിൽ എത്തിയ കോൺഗ്രസ്സ് പ്രവർത്തകരെയും പൊതുജനങ്ങളെയും എൽ.ഡി.എഫ്. ഗുണ്ടകളും പ്രവർത്തകരും ആക്രമിക്കുകയും സ്കൂളിൽ കടന്ന് വോട്ടർ പട്ടികയുടെ രേഖകൾ നശിപ്പിക്കുകയും ചെയ്തുവോ;

(ബി) ഈ ആക്രമണവും രേഖ നശിപ്പിക്കലും നടത്തിയത് ആരുടെയെല്ലാം നേതൃത്വത്തിലായിരുന്നു; ഈ ആക്രമണത്തിൽ ആർക്കെല്ലാം മർദ്ദനമേറ്റു; ഈ മർദ്ദനത്തിന്റെയും ആക്രമണത്തിന്റെയും ഫലമായി പലരും ഹിയറിംഗിൽ പങ്കെടുക്കാതെ തിരിച്ചുപോയതായോ;

(സി) അവർക്ക് പിന്നീട് ഹിയറിംഗിനുള്ള സൗകര്യം കൊടുക്കുകയും അവരുടെ ഫോട്ടോ എടുക്കുകയും ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാനായി ഫോർട്ട് സംസ്കൃത സ്കൂളിൽ എത്തിയ എൽ. ഡി. എഫ്. പ്രവർത്തകരും യു. ഡി. എഫ്. പ്രവർത്തകരും തമ്മിൽ ചെറിയ തോതിൽ ഉന്തും തള്ളും ഉണ്ടാകുകയും ആ സമയം പോലീസ് അവസരോചിതമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സംഭവത്തിൽവെച്ച് ആർക്കുംതന്നെ പരിക്ക് പറ്റുകയോ, വോട്ടർ പട്ടികയുടെ രേഖകൾ നശിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ല.

(ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

22. [22] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 16 വരെ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly